**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2219** **20-01-2021 - ൽ മറുപടിയ്ക്ക്**

**ഭക്ഷ്യക്കിറ്റ് വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. സുരേഷ് കുറുപ്പ് | | Shri P. Thilothaman<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) | |
| (എ) | സർക്കാർ നൽകുന്ന സൗജന്യ കിറ്റ് വിതരണ പദ്ധതി 2021 ഏപ്രിൽ മാസം വരെ നീട്ടുമ്പോൾ വരുന്ന സാമ്പത്തിക ചെലവ് എത്രയാണ്; വിശദമാക്കുമോ; | (എ) | നാളിതുവരെ സൗജന്യ കിറ്റ് വിതരണത്തിന് സപ്ലൈകോയ്ക്ക് 2845.79 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 2021 ജനുവരി മുതൽ ഏപ്രിൽ വരെയുള്ള മാസങ്ങളിൽ കൂടി സൗജന്യ ഭക്ഷ്യ കിറ്റ് വിതരണം തുടരുന്നതിന് പ്രതിമാസം 338.00 കോടി രൂപ എന്ന കണക്കിൽ നാല് മാസങ്ങളിലേയ്ക്ക് ആകെ 1352.00 കോടി രൂപ ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു. ഇത് കിറ്റിലെ ഇനങ്ങളുടെ വിലയും കിറ്റ് തയ്യാറാക്കി റേഷൻ കടകളിൽ എത്തിക്കുന്നതിന് വേണ്ടി വരുന്ന അനുബന്ധ ചെലവുകളും ഉൾപ്പെടെ പ്രതീക്ഷിക്കുന്ന തുകയാണ്. |
| (ബി) | കോവിഡ് കാലത്ത് എത്ര അതിഥി തൊഴിലാളികൾക്ക് സൗജന്യറേഷൻ വിതരണം ചെയ്തുവെന്ന് അറിയിക്കുമോ? | (ബി) | 2020 ഏപ്രിൽ, മെയ് മാസങ്ങളിൽ 3,20,803 അതിഥി തൊഴിലാളികൾക്ക് 5 കി.ഗ്രാം അരിയോ 4 കി.ഗ്രാം ആട്ടയോ ഏതാണോ ആവശ്യപ്പെടുന്നത് ആയത് സൗജന്യമായി നൽകി. 2020 മെയ്, ജൂൺ മാസങ്ങളിൽ കേന്ദ്ര പദ്ധതിയായ ആത്മ നിർഭർ ഭാരത് പദ്ധതി പ്രകാരം 1,76,013 അതിഥി തൊഴിലാളികൾക്ക് ഒരാൾക്ക് പ്രതിമാസം 5 കി.ഗ്രാം അരിയും ഒരു കുടുംബത്തിന് ഒരു കി.ഗ്രാം കടലയും എന്ന തോതിൽ സൗജന്യമായി നല്കി. |

സെക്ഷൻ ഓഫീസർ